## യൂത്ത് ഫോറം കലാമേള

**ദോഹ:** യൂത്ത് ഫോറം ഐൻ ഖാലിദ് മേഖല സംഘടിപ്പിച്ച കലാമേള ശ്രദ്ധേയമായി. കലാമേളയിൽ ഇൻഡസ്ട്രിയൽ ഏരിയാ ഘടകം കൂടുതൽ പോയന്റുകളുമായി ഒന്നാമതെത്തി. മേളയുടെ ഭാഗമായി ഖത്തറിലെ പ്രവാസികൾക്കായി നടത്തിയ രചനാ മത്സരങ്ങളിൽ അമൽ ഫർമീസ്, ഇബ്റാഹീം സിദ്ദീഖി (കഥ, കവിത) എന്നിവർ മത്സരങ്ങളിൽ ഒന്നാം സമ്മാനം കരസ്ഥമാക്കി. വക്റ ബർവ വില്ലേജിലെ ശാന്തിനികേതൻ സ്കൂളിൽ നടന്ന കലാമേളയിൽ മേഖലയിലെ നാലു ഘടകങ്ങൾ മത്സരിച്ചു. യൂത്ത് ഫോറം ഖത്തർ സെൻട്രൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അബ്ദുൽ ഹമീദ്, പ്രോഗ്രാം കൺവീനർ നിസാം അബു, മേഖലാ പ്രസിഡന്റ് നഈം ഇൻതിസാർ നേതൃത്വം നൽകി. യൂത്ത് ഫോറം കേന്ദ്ര പ്രസിഡന്റ് സാജിദ് റഹ്മാൻ, കലാവിഭാഗം കൺവീനർ അഹമ്മദ് ഷാഫി, ഹുസൈൻ കടന്നമണ്ണ എന്നിവർ വിജയികൾക്ക് സമ്മാനം വിതരണം ചെയ്തു.

## ഖത്തർ മലയാളി മാന്വൽ രാം എഡിഷൻ പ്രകാശനം ചെയ്തു



**ദോഹ:** ഖത്തറിലെ വിവിധ മേഖലകളിൽ ശ്രദ്ധേയരായ മലയാളികളുടെ ചരിത്രം രേഖപ്പെടുത്തി മീഡിയ പ്ലസ് പ്രസിദ്ധീകരിച്ച ഖത്തർ മലയാളി മാന്വലിന്റെ പരിഷ്ക്കരിച്ച രണ്ടാം പതിപ്പ് പ്രകാശനം സ്കിൽസ് ഡവലപ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽവെച്ച് പ്രകാശനം ചെയ്തു. ഇന്ത്യൻ കൾചറൽ സെന്റർ ഉപദേശക സമിതി ചെയർമാൻ കെ. എം. വർഗീസ്, ഇൻകാസ് ഉപദേശക സമിതി ചെയർമാൻ കെ.കെ. ഉസ്മാൻ, ഇൻകാസ് പ്രസിഡണ്ട് ജോപ്പച്ചൻ തെക്കേക്കൂറ്റ് , ഐ.സി.ബി.എഫ് പ്രസിഡന്റ് കരീം അബ്ദുല്ല, കെ. എം. സി.സി. ജനറൽ സെക്രട്ടറി അബ്ദുന്നാസിർ നാച്ചി, സംസ്കൃതി ജനറൽ സെക്രട്ടറി പി. എൻ. ബാബുരാജൻ, സിജി ഖത്തർ ചാപ്റ്റർ പ്രസിഡണ്ട് ഡോ. എം. പി. ഷാഫി ഹാജി, ഫ്രന്റ്സ് കൾചറൽ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുറഹ്മാൻ കിഴിശ്ശേരി, സ്കോളേർസ് ഇന്റർനാഷണൽ സ്കൂൾ ചെയർമാൻ ഡോ. വണ്ടൂർ അബൂബക്കർ, അക്കോൺ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ ശുക്കൂർ കിനാലൂർ എന്നീ മലയാളി സംഘടനാ നേതാക്കൾ ചേർന്നാണ് മാന്വൽ പ്രകാശനം ചെയ്തത്.

ഖത്തറിന്റെ പുരോഗതിയിലും വളർച്ചയിലും ശ്രദ്ധേയമായ സംഭാവനകളർപ്പിച്ച പ്രവാസി മലയാളികളെ പരിചയപ്പെടുത്തുന്നതോടൊപ്പം പുതിയ തലമുറക്ക് ക്രിയാത്മകമായ പ്രചോദനവും വഴികാട്ടിയുമാകുമെന്ന പ്രതീക്ഷയിലാണ് മാന്വൽ തയ്യാറാക്കിയിരിക്കുന്നതെന്ന് മാന്വൽ ചീഫ് എഡിറ്ററും മീഡിയ പ്ലസ് സി. ഇ.ഒയുമായ അമാനുല്ല വടക്കാങ്ങര പറഞ്ഞു.

അൽ മുഫ്ത മാനേജിംഗ് ഡയറക്ടർ എ.കെ ഉസ്മാൻ, ആർഗൺ ഗ്ലോബൽ സി.ഇ.ഒ അബ്ദുൽ ഗഫൂർ, തൃശൂർ ജില്ലാ സൗഹൃദ വേദി പ്രസിഡന്റ് കെ.എം അനിൽ, മാസ് ഖത്തർ പ്രസിഡന്റ് കെ.പി നൂറുദ്ദീൻ, കേരള സോഷ്യൽ ആന്റ് കൾച്ചറൽ അസോസിയേഷൻ സ്ഥാപകാംഗം ആവണി വിജയകുമാർ, വോയ്സ് ഓഫ് ഖത്തർ അഹ്‌ലൻ ദോഹ പ്രോഗ്രാം ഡയറക്ടർ യതീന്ദ്രൻ മാസ്റ്റർ, ഫാലഹ് നാസർ ഫാലഹ് ഫൗണ്ടേഷൻ ഗ്രൂപ്പ് ജനറൽ മാനേജർ കെ.വി അബ്ദുല്ലക്കുട്ടി, കാനഡയിലെ മെസഞ്ചർ ഓഫ് മേഴ്സി ഫൗണ്ടേഷൻ പ്രസിഡന്റ് ടി.കെ ഇബ്റാഹീം ടോറന്റോ, ഖത്തർ പയ്യോളിയൻസ് ചെയർമാൻ ഇസ്മാഈൽ മേലടി എന്നിവർ സംസാരിച്ചു.

## ടെലികിസ്: ഷമീമക്ക് ഒന്നാം സ്ഥാനം



**മനാമ:** കെ.ഐ.ജി മനാമ ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി വനിതാ വിഭാഗം സംഘടിപ്പിച്ച ടെലികിസ് മത്സരത്തിൽ ഷമീമക്ക് ഒന്നാം സ്ഥാനം ലഭിച്ചു. ഷഹാന ഖാലിദ് രണ്ടാം സ്ഥാനവും ഷീജ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ഏരിയാ സമ്മേളനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

## പായസ മത്സരം: വിജയികളെ അനുമോദിച്ചു

**മനാമ:** കെ.ഐ.ജി മനാമ ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി വനിതാ വിഭാഗം സംഘടിപ്പിച്ച പായസ മത്സരത്തിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ശ്രീനിവാസ് പുട്ട് റെസ്റ്റോറന്റുമായി സഹകരിച്ചായിരുന്നു മത്സരം. നഷീദ റുഖ്ബൻ (ഒന്നാം സ്ഥാനം), ഫാത്വിമ ഫഹ്മീദ (രണ്ടാം സ്ഥാനം), അസ്മ മുഹമ്മദലി, സുനിത താഹിർ (മൂന്നാം സ്ഥാനം) എന്നിവർ സമ്മാനാർഹരായി. സൽമാനിയ ഖാദിസിയ്യ ക്ലബിൽ നടന്ന ഏരിയാ സമ്മേളനത്തിൽ വിജയികൾക്ക് ട്രോഫി, ഗിഫ്റ്റ് വൗച്ചർ, സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## ഹെന്ന മത്സരം: ഷബാന മുഹമ്മദിന് ഒന്നാം സ്ഥാനം

**മനാമ:** കെ.ഐ.ജി മനാമ ഏരിയാ സമ്മേളനത്തിന്റെ ഭാഗമായി വനിതാ വിഭാഗം സംഘടിപ്പിച്ച ഹെന്ന ഡിസൈനിംഗിൽ ഷബാന മുഹമ്മദ് ഹാഷിമിന് ഒന്നാം സ്ഥാനം. നസീറ നൗഫൽ, പൂജ രഞ്ജിത് എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. വിജയികളായവർക്ക് സൽമാനിയ ഖാദിസിയ്യ ക്ലബിൽ നടന്ന ഏരിയാ സമ്മേളനത്തിൽ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## വക്റ മദ്റസ പ്രവേശനോത്സവം

**ദോഹ:** പുതിയ അധ്യയന വർഷത്തിൽ വക്റ അൽമദ്റസത്തുൽ ഇസ്‌ലാമിയയിൽ പ്രവേശനം നേടിയ കുട്ടികളെ സ്വാഗതം ചെയ്തുകൊണ്ട് പ്രവേശനോത്സവം സംഘടിപ്പിച്ചു. പ്രധാനാധ്യാപകൻ എം.ടി ആദം, അധ്യാപകരായ പി.എച്ച് മുഹമ്മദ്, പി.വി നിസാർ, ടി.കെ അബ്ദുസ്സലാം എന്നിവർ കുട്ടികളുമായി സംവദിച്ചു. മുഹ്സിന ടീച്ചർ, മദ്റസാ വിദ്യാർഥികളായ നാദിർ അബ്ദുസ്സലാം, ഹാദിയ സകരിയ, ഹുദാ അബ്ദുറഹ്മാൻ എന്നിവർ ഗാനമാലപിച്ചു. ഫഹീം മിമിക്രി അവതരിപ്പിച്ചു. യാസീൻ അഹ്മദ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ഇർഷാദുൽ ഹസ്സൻ ഖിറാഅത്ത് നടത്തി. ഉപപ്രധാനാധ്യാപകൻ മുഹമ്മദ് സ്വാലിഹ്, അധ്യാപകരായ പി.പി അബ്ദുറഹ്മാൻ, കെ.കെ അബ്ദുറഹീം നേതൃത്വം നൽകി.






'സാന്ത്വനമേകാൻ കൈകോർക്കാം' കാമ്പയിനോടനുബന്ധിച്ച് വളണ്ടിയർമാർക്കുള്ള ക്ലാസിൽ തനിമ സുഊദി രക്ഷാധികാരി കെ.എം ബഷീർ സംസാരിക്കുന്നു.

## 'സാന്ത്വനമേകാൻ കൈകോർക്കാം' വളിയർ ക്ലാസ്

**ദമ്മാം:** 'സാന്ത്വനമേകാൻ കൈകോർക്കാം' കാമ്പയിനോടനുബന്ധിച്ച് നിതാഖാത് വിഷയത്തിൽ പ്രയാസങ്ങളനുഭവിക്കുന്ന പ്രവാസികൾക്ക് സാധ്യമായ സഹായങ്ങൾ എത്തിക്കാൻ വളണ്ടിയർമാർക്ക് പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു. തനിമ, കെ.ആർ.ഡബ്ലിയു, യൂത്ത് ഇന്ത്യ എന്നിവയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരെ പുതിയ സാഹചര്യങ്ങളെ കുറിച്ച് ബോധവത്കരിക്കാനും പ്രശ്ന ബാധിതരെ സഹായിക്കാനും പ്രാപ്തരാക്കാനാണ് പരിപാടി സംഘടിപ്പിച്ചത്. നിലവിൽ പ്രഖ്യാപിക്കപ്പെട്ട ഇളവുകൾ പരമാവധി ഉപയോഗപ്പെടുത്തി ജോലിയും താമസവും നിയമവിധേയമാക്കാനുള്ള ഊർജിത ശ്രമം പ്രവാസികളുടെ ഭാഗത്തുനിന്ന് ഉണ്ടാവണമെന്ന് പരിപാടിയിൽ സംസാരിച്ച തനിമ രക്ഷാധികാരി കെ.എം ബഷീർ ആവശ്യപ്പെട്ടു. പ്രഖ്യാപിക്കപ്പെട്ട ഇളവ് കാലാവധി അവസാനിക്കാൻ കാത്ത് നിൽക്കാതെ ഫ്രീ വിസയിലുള്ളവർ സ്വന്തം സ്പോൺസറുടെ അടുത്ത് ജോലി ചെയ്യുകയോ സാധ്യമാകാത്തവർ പുതിയ ജോലി കണ്ടെത്തി സ്പോൺസർഷിപ്പ് മാറുകയോ വേണമെന്ന് അദ്ദേഹം ഉണർത്തി. ഫ്രീ വിസയിൽ തുടരുന്നവർക്ക് ഭാവിയിൽ കടുത്ത നടപടികൾക്ക് വിധേയമാകേണ്ടി വരുമെന്നാണ് സാഹചര്യങ്ങൾ നൽകുന്ന സൂചന. പാസ്പോർട്ടും മറ്റ് രേഖകളും കൈവശമില്ലാത്തവർ എംബസി നൽകുന്ന ഔട്ട് പാസിനുള്ള അപേക്ഷ നൽകണം. ഒരു സാഹചര്യത്തിലും നിയമവിധേയമാകാൻ സാധിക്കാത്തവർ പുതിയ സാഹചര്യം പ്രയോജനപ്പെടുത്തി നാട്ടിലേക്ക് മടങ്ങി നിയമ വിധേയരായി തിരിച്ച് വരുകയാണ് ചെയ്യേണ്ടതെന്നും അദ്ദേഹം പറഞ്ഞു. തനിമ സോണൽ പ്രസിഡന്റ് സി.പി മുസ്തഫ ആമുഖ പ്രഭാഷണം നടത്തി. നൗഷാദ് ഇരിക്കൂർ ഖിറാഅത്ത് നടത്തി. നിതാഖാത് ബോധവത്കരണത്തിന്റെ ഭാഗമായി തനിമയുടെ നേതൃത്വത്തിൽ അഞ്ച് ഏരിയകളിലായി പ്രവർത്തന സംഗമങ്ങൾ സംഘടിപ്പിക്കപ്പെട്ടു. പി.എം അബ്ദുറഹ്മാൻ, കെ.എം റഷീദ്, ഷെരീഫ് മേലാറ്റൂർ തുടങ്ങിയവർ വിശദീകരണ യോഗങ്ങളിൽ സംസാരിച്ചു.




സലാം കൊടിയത്തൂർ സംസാരിക്കുന്നു

## സലാം കൊടിയത്തൂരിനും സിദ്ദീഖ് കൊടിയത്തൂരിനും സ്വീകരണം

**കുവൈത്ത് സിററി:** ഹ്രസ്വ സന്ദർശനാർഥം കുവൈത്തിലെത്തിയ ഹോം സിനിമാ സംവിധായകൻ സലാം കൊടിയത്തൂരിനും ഹാസ്യനടൻ സിദ്ദീഖ് കൊടിയത്തൂരിനും കെ.ഐ.ജി കുവൈത്ത് സ്വീകരണം നൽകി. തിന്മയുടെ ശക്തികൾ കൈയടക്കിവെച്ച മാധ്യമം ഉപയോഗപ്പെടുത്തി സാധ്യമാകുന്ന രീതിയിൽ നന്മ പ്രചരിപ്പിക്കാനാണ് തന്റെ ഫിലിമുകളിലൂടെ ശ്രമിക്കുന്നതെന്ന് സലാം കൊടിയത്തൂർ പറഞ്ഞു. ഓരോ പ്രവാസിയുടെയും ജീവിതം ഒരു കഥയാക്കാൻ പററുന്നതാണെങ്കിലും അത് പകർത്തിയെഴുതാൻ ആളില്ലാത്ത അവസ്ഥയാണുള്ളത്. തന്റെ പ്രവർത്തനങ്ങൾക്ക് പ്രവാസികളിൽ നിന്നും ലഭിക്കുന്ന പിന്തുണയും പ്രോത്സാഹനവും സന്തോഷത്തിന് വക നൽകുന്നതാണെന്നും അദ്ദേഹം പറഞ്ഞു. കണ്ണീരും പുഞ്ചിരിയും വിരഹവും സന്തോഷവും എല്ലാം ഉൾചേർന്ന ജീവിതത്തിന് സാക്ഷ്യം വഹിക്കേണ്ടവനാണ് പ്രവാസിയും അവന്റെ ഉറ്റവരുമെന്നും, വിമാനത്താവളങ്ങളിലെ രണ്ട് ഗേറ്റുകൾ അതിന്റെ പ്രതീകങ്ങളാണെന്നും ചേക്കു, ലീക്ക് ബീരാൻ, ചക്കരവൈദ്യർ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ പ്രശസ്തനായ ഹാസ്യനടൻ സിദ്ദീഖ് കൊടിയത്തൂർ പറഞ്ഞു. ഇത്തരം ഹോം സിനിമകളിൽനിന്നും മുഖ്യധാരാ സിനിമാരംഗത്തേക്ക് കടന്നുവരാൻ സലാം കൊടിയത്തൂരിനെ പോലുള്ളവർ തയാറകണമെന്ന് മീഡിയ വൺ കുവൈത്ത് റിപ്പോർട്ടർ മുനീർ അഹ്മദ് അഭിപ്രായപ്പെട്ടു. കെ.ഐ.ജി ജനറൽ സെക്രട്ടറി അൻവർ സഈദ് സ്വാഗത ഭാഷണം നടത്തി. കെ.ഐ.ജി പ്രസിഡന്റ് സക്കീർ ഹുസൈൻ തുവ്വൂർ അധ്യക്ഷത വഹിച്ചു.